# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സ്വാഭാവിക വനം</u>

2057 ശ്രീ. വര്‍ക്കല കഹാര്‍
,, അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനപ്രദേശത്തിന് പുറമേ സംസ്ഥാനത്ത് സ്വാഭാവിക വനം നിര്‍മ്മിക്കുവാനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഫലവൃക്ഷങ്ങളാണ് ഈ സ്വാഭാവിക വനത്തില്‍ വച്ച് പിടിപ്പിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സ്വാഭാവിക വനങ്ങളില്‍ ഔഷധസസ്യങ്ങളും മരങ്ങളും നട്ടുവളര്‍ത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങള്‍ക്കും വിദ്യാര്‍ത്ഥികള്‍ക്കും അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികള്‍ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വനമേഖലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ</u>

2058 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലകളിൽ നിന്ന് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പദ്ധതിയിൽ ആരുടെയെല്ലാം സേവനങ്ങളാണ് ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അർബൻ ഫോറസ്ട്രി</u>

2059 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ വിശദാംശവും വെളിപ്പെടുത്തുമോ?

(സി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഗ്രീൻ പാസ്പോർട്ട് പദ്ധതി</u>

T 2060 ശ്രീ. ഹൈബി ഈഡൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ പാസ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വനം സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പാസ്പോർട്ട് ആരാണ് നിർമ്മിച്ച് നൽകുന്നത്; വിശദമാക്കുമോ;

(ഡി) ഓരോ സംരക്ഷിത മേഖലയ്ക്കും പ്രത്യേകം പാസ്പോർട്ടുകൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ട്രെക്കിംഗ് ടൂറിസവും വനസംരക്ഷണവും

2061 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം സംരക്ഷണ സമിതികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി ട്രെക്കിംഗ് ടൂറിസം നടപ്പിലാക്കുമോ ;

(ബി) കേരളത്തിൽ വനസംരക്ഷണത്തിനായി വനങ്ങളിൽ കൂടുതൽ ക്യാമറകൾ സ്ഥാപിക്കുന്നതു പരിഗണിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റം</u>

2062 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൻതോതിൽ കയ്യേറ്റം ചെയ്യപ്പെട്ട വനഭൂമി തിരിച്ചു പിടിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ വനഭൂമിയാണ് ഉളളത്; ഇതിൽ എത്ര ഏക്കർ ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്യേറ്റക്കാരിൽ നിന്നും വനഭൂമി തിരിച്ചു പിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

വനവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ ഏറ്റെടുക്കൽ ഓർഡിനൻസ്

2063 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രാധാന്യമുള്ള വനവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ ഏറ്റെടുക്കാൻ ഓർഡിനൻസ് ഉണ്ടാക്കിയതിന്റെ ഫലമായി എത്ര ഏക്കർ വനഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത സ്ഥലങ്ങൾ സംബന്ധിച്ച് ആക്ഷേപം ഉണ്ടായ എത്ര ഏക്കർഭൂമി തിരികെ നൽകിയിട്ടുണ്ട്;

(സി) മുൻ സർക്കാർ പ്രസ്തുത നിയമം അംഗീകരിച്ചതിനു ശേഷം ഇത്തരത്തിലുള്ള ഭൂമി തിരികെ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ തിരികെ നൽകി വിശദമാക്കുമോ;

(ഡി) ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷവും ഇത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം പരിഹരിക്കാനുണ്ടോ; എങ്കിൽ അത് എത്രയുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി ലോലമേഖല</u>

2064 ശ്രീമതി. ഇ. എസ്. ബിജിമോൾ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യ ജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഏതൊക്കെ ജില്ലകളിൽ സ്ഥിതി ചെയ്യുന്നു;

(ബി) ഇവയുടെ എത്ര ചുറ്റളവിൽ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്; ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര വീതം വേണമെന്നാണ് നിർദ്ദേശിച്ചിട്ടുളളത്; വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിക്കേണ്ടിവന്നാൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) പരിസ്ഥിതി ലോല മേഖലയിൽ എന്തൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഇ.എഫ്.എൽ. സംബന്ധമായ എത്ര കേസുകൾ

2065 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എഫ്.എൽ. ആക്ട് എന്നാണ് നിലവിൽ വന്നത് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇ.എഫ്.എൽ. സംബന്ധമായ എത്ര കേസുകൾ കോടതികളിൽ തീർപ്പാക്കാനുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) മലപ്പുറം, പാലക്കാട്, തൃശ്ശൂർ റവന്യൂ ജില്ലകളിലെ ഇ.എഫ്.എൽ. കേസുകൾ കൈകാര്യം ചെയ്യേണ്ടത് ഏത് കോടതിയാണ് ; ഇത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കർഷകർ അനുഭവിക്കുന്ന ദുരിതം കണക്കിലെടുത്ത് പാലക്കാട് രണ്ടാം ജില്ലാകോടതിയിൽ നിലവിൽ കെട്ടിക്കിടക്കുന്ന ഇ.എഫ്.എൽ. കേസുകളിൽ തീർപ്പ് കല്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി</u>

2066 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണ പദ്ധതി അനുസരിച്ചുള്ള കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാവുകളുടെ സംരക്ഷണം</u>

2067 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 'കാവ്' കളുടെ കണക്ക് വനം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ;

(ബി) കാവുകളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കാവുകളിലെ മരങ്ങളുടെ കണക്കെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ചന്ദനതൈലം ഫാക്ടറി</u>

2068 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമായും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച ചന്ദനതൈല ഫാക്ടറിയുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(ബി) ഇവിടെ ഉപയോഗിക്കുന്ന ചന്ദന മരങ്ങൾ എപ്രകാരം ലഭിക്കുന്നതാണ്; വിശദമാക്കുമോ;

(സി) 2012 മാർച്ച് മുതൽ 2013 ഫെബ്രുവരി 1 വരെ എത്ര രൂപയ്ക്കുള്ള എത്ര അളവ് ചന്ദനതൈലം വിറ്റു;

(ഡി) ഇതിന്റെ വിപണന രീതി വിശദമാക്കുമോ; കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇതിന് പിപണന കേന്ദ്രങ്ങൾ ഉണ്ട് ;

(ഇ) ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്നുണ്ടോ; കയറ്റുമതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി പാട്ടക്കരാർ പ്രശ്നം</u>

2069 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ പാട്ടക്കരാർ അവസാനിച്ച ഭൂമിയുടെ പ്രശ്നം ഏതെങ്കിലും ഉപസമിതിയുടെ തീരുമാനത്തിന് വിട്ടിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രശ്നത്തിൽ നിലപാട് അന്തിമമമായി സ്വീകരിച്ചിട്ടുണ്ടോ ; നിയമലംഘനം നടത്തി ഭൂമി കൈവശം വച്ചവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കോടതിയുടെ പരിഗണനയിലുള്ള കേസുകൾ ഫലപ്രദമായി നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നെല്ലിയാമ്പതിയിലെ പാട്ടഭൂമി എത്ര എക്കറാണ് ; അവ പൂർണ്ണമായും ഏത് നിലയിൽ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതിന് റവന്യൂ-വനംവകുപ്പുകൾ നടത്തിയ സംയുക്ത പരിശോധന</u>

2070 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കരേക്കാട്ട്, കടുകുളങ്ങര-കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ വനം വകുപ്പിന്റെ അഭിപ്രായം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വകുപ്പിന്റെ അഭിപ്രായം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ശബരിമലയിൽ വൃക്ഷത്തൈ വിതരണം</u>

2071 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായി, വനംവകുപ്പിന്റെ നേതൃത്വത്തിൽ ശബരിമലയിൽ നട്ടുവളർത്തിയ വൃക്ഷത്തൈകൾ, ചുരുങ്ങിയ വിലയ്ക്ക് തീർത്ഥാടന കാലത്ത് ഭക്തർക്ക് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) എങ്കിൽ അടുത്ത തീർത്ഥാടനകാലത്ത്, സന്നിധാനത്ത് വൃക്ഷത്തൈ വിതരണ സ്റ്റാൾ ആരംഭിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കല്ലടയാറും പോഷക നദികളും കേന്ദ്രീകരിച്ച് മണൽ കടത്ത്</u>

2072 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴയിൽ പ്രവർത്തിച്ചിരുന്ന മണൽ കലവറ അടച്ചുപൂട്ടിയത് മണൽ മാഫിയ സംഘങ്ങൾക്ക് സഹാകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുളത്തൂപ്പുഴയിലെ മണൽ കലവറ എന്നുമുതൽ വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മലയാറ്റൂർ വനമേകലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള അപകടങ്ങൾ</u>

2073 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലകളിലെ വിനോദസഞ്ചാരകേന്ദ്രങ്ങളായ മലയാറ്റൂർ മഹാഗണിത്തോട്ടം, ഇല്ലിത്തോട് മുളങ്കുഴി, പാണോലി പോര് എന്നീ സ്ഥലങ്ങളിലെ തുടരെയുളള അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ മേഖലയിൽ എൻ.സി.സി കേഡറ്റുകൾ മരണപ്പെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തെന്മല, ചെന്തുരുണി വന്യജീവി സങ്കേതത്തിനും ചുറ്റും</u>
<u>പാരിസ്ഥിതിക സംവേദമേഖല</u>

2074 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെൻമല, ചെന്തുരുണി വന്യജീവി സങ്കേതത്തിനു ചുറ്റും പാരിസ്ഥിതിക സംവേദ മേഖല രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ മേഖലകൾ ഇതിൽ ഉൾപ്പെടുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വന്യജീവി വാരാഘോഷ മത്സരങ്ങളിൽ കന്നടഭാഷ ഇനങ്ങൾ ഉൾപ്പെടുത്താൻ നടപടി</u>

2075 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന മത്സരങ്ങളിൽ കന്നട ഭാഷാ ഇനങ്ങൾ ഉൾപ്പെട്ടാത്തതിനാൽ കാസർഗോഡ് ജില്ലയിലെ കന്നട ഭാഷാ വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മത്സരങ്ങളിൽ കന്നട ഭാഷാ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പാമ്പുകടിയേറ്റവർക്ക് ധനസഹായം

2076 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവർക്ക് വനം വകുപ്പ് നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കാലടി പഞ്ചായത്തിൽനിന്നും പാമ്പുകടിയേറ്റ് മരണപ്പെട്ട ആരുടെയെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെതാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തത്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണം</u>

2077 ശ്രീ. ബെന്നി ബെഹനാൻ
'' കെ. ശിവദാസൻ നായർ
'' ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണം തടയാൻ മാർഗ്ഗങ്ങൾ</u>

2078 ശ്രീ. എം. ഉമ്മർ
'' വി. എം. ഉമ്മർമാസ്റ്റർ
'' സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നലകുമോ;

(ബി) മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടിയിൽ കാട്ടാനകളുടെ ശല്യം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രദേശത്ത് കാട്ടാനകളുടെ ആക്രമണത്തിൽ നിന്നും മനുഷ്യ ജീവന് സംരക്ഷണം നൽകുന്നതിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>നാട്ടാന പരിപാലന നിയമം</u>

2079 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടാനപരിപാലന നിയമം അനുസരിച്ച് കേരളത്തിൽ ആനകളെ എഴുന്നള്ളിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ഉടമകളും ആനകളെ വാടകയ്ക്കെടുക്കുന്നവരും പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദീകരിക്കാമോ;

(ബി) 2002 ലെ കേന്ദ്രനിയമത്തിനു വിധേയമായി മുൻ സർക്കാരിന്റെ കാലത്ത് നിയമസഭ അംഗീകരിച്ച നാട്ടാന പരിപാലന നിയമത്തിൽ ഈ സർക്കാർ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്സവത്തിനിടെ ആന ഇടഞ്ഞ് എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ഡി) ആന എഴുന്നള്ളിപ്പുചട്ടങ്ങളിൽ ഭേദഗതി വരുത്തിയതുമായി പ്രസ്തുത അപകട മരണങ്ങൾക്ക് ബന്ധമുണ്ടോ; അറിയിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കടുവകളുടെ എണ്ണം</u>

2080 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 കാലയളവിൽ നടന്ന സർവ്വ പ്രകാരം കേരളത്തിലെ കാടുകളിൽ ആകെ എത്ര കടുവകളാണുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കൊല്ലപ്പെട്ട കടുവകളുടെ എണ്ണം എത്ര;

(സി) അതിൽ വേട്ടക്കാർ, വനപാലകർ എന്നിവരാൽ കൊല്ലപ്പെട്ട
കടുവകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കടുവകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ദേശാടന പക്ഷികളുടെ സംരക്ഷണം</u>

2081 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജില്ലകളിലായി പരന്നു കിടക്കുന്ന കോൾകൃഷി നിലങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോൾ നിലങ്ങളും നിലയോര വൃക്ഷങ്ങളും വ്യാപകമായി നശിപ്പിക്കപ്പെടുന്നതും പക്ഷിവേട്ടക്കാരുടെ ശല്ല്യവും ശ്രദ്ധയിൽപ്പെട്ടുണ്ടോ;

(സി) ദേശാടന പക്ഷികളുടെ സ്വതന്ത്ര സഞ്ചാരവും ആവാസ വ്യവസ്ഥയും സംരക്ഷണവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നും ഭാവിയിൽ പ്രാവർത്തികമാക്കുവാൻ ആലോചിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വനം വകുപ്പിലെ താല്‍ക്കാലിക ജീവനക്കാര്‍</u>

2082 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനം വകുപ്പില്‍ ദിവസവേതനാടിസ്ഥാനത്തില്‍ ജോലി ചെയ്തുവരുന്ന ജീവനക്കാര്‍ എത്ര;

(ബി) ഇവര്‍ ജോലി ചെയ്തിട്ടുള്ള കാലഘട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) 20 വര്‍ഷത്തിലധികം ഇത്തരത്തില്‍ ജോലി ചെയ്തിട്ടുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കില്‍ ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ നിയമനങ്ങൾ</u>

2083 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പുതുതായി രൂപീകരിച്ച ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലേക്ക് ഏതെല്ലാം തസ്തികകളാണ് അനുവദിച്ചത്; വ്യക്തമാക്കുമോ;

(ബി) അനുവദിച്ച എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടോ;

(സി) G.O(MS)22/2012/F&WLD dt.27/3/12 ഉത്തരവ് പ്രകാരം കാസർഗോഡ് ഡി.എഫ്.ഒ ഓഫീസിൽ അനുവദിച്ച തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) അനുവദിച്ച എല്ലാ തസ്തികകളിലും ഉടനെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>നാഷണൽ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ</u>

2084 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; ഇനി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ബി) നാഷണൽ ഗെയിംസിനു വേണ്ടി എന്തുതുക കേന്ദ്ര സർക്കാരിൽ നിന്നും ഇതേവരെ ലഭിച്ചിട്ടുണ്ട്;

(സി) നാഷണൽ ഗെയിംസിനു വേണ്ടി പൊളിച്ച തിരുവനന്തപുരത്തെ സ്വിമ്മിംഗ്പൂൾ പുനർനിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതിയെന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>നാഷണല്‍ ഗെയിംസ്</u>

2085 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നാഷണല്‍ ഗെയിസ് ഏതുവര്‍ഷം നടത്തുവാന്‍ തീരുമാനിച്ചിട്ടുണ്ടെന്നും മലബാറില്‍ നാഷണല്‍ ഗെയിംസ് മീറ്റ് നടക്കുന്ന സ്ഥലങ്ങള്‍ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്മയിൽ കേരള കായിക പദ്ധതി</u>

2086 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മയിൽ കേരള കായിക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം;

(സി) കായിക പശ്ചാത്തല നിർമ്മാണത്തിൽ എന്തെല്ലാം നൂതന സംവിധാനങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>ഗ്രീൻ ഫീൽഡ് സ്റ്റേഡിയം</u>

2087 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഫീൽഡ് സ്റ്റേഡിയം നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കളിക്കളങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടികൾ</u>

2088 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം കളിക്കളങ്ങളും, സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ബി) ഇതിനായി ആകെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ ഇനം കളികൾക്കാണ് കളിസ്ഥലങ്ങൾ നിർമ്മിച്ചത്/നിർമ്മിക്കുന്നത് എന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ഗ്രാമീണ കളിസ്ഥലങ്ങൾക്ക് ധനസഹായം

2089 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി സ്പോർട്സ് വകുപ്പ് മുഖേന ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഈ സാമ്പത്തിക വർഷം കളിസ്ഥലങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് കൗൺസിൽ മുഖേന പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നന്നാക്കുന്നതിന് അനുമതി നൽകിയവർക്ക് തുക നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കാസർകോട് വിദ്യാനഗറിലെ നഗരസഭ സ്റ്റേഡിയം</u>

2090 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് വിദ്യാനഗറിലെ നഗരസഭ സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയാണു അനുവദിച്ചിട്ടുള്ളത്;

(ബി) സ്റ്റേഡിയം നവീകരിക്കുന്നതിന് ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അടൂർ മുനിസിപ്പാലിറ്റി മിനി സ്റ്റേഡിയം</u>

2091 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു സ്റ്റേഡിയം നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടൂർ മുനിസിപ്പാലിറ്റിയിൽ പ്രവൃത്തി ആരംഭിച്ച അടൂർ മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾക്ക് മതിയായ ഫണ്ട് ലഭിക്കാത്തതിനാൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതിന് പരിഹാരം ഉണ്ടാക്കുമോ; വിശദമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത സ്റ്റേഡിയം പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ചെങ്ങന്നൂർ സ്റ്റേഡിയം നിർമ്മാണം

2092 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്ന് വിശദമാക്കുമോ;

(ബി) സ്റ്റേഡിയത്തിന്റെ സ്കെച്ചിന്റെയും പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മണ്ണംകുഴി (ഉപ്പള) കായിക മൈതാനം</u>

2093 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മംഗൽപാടി ഗ്രാമപഞ്ചായത്തിലെ മണ്ണം കുഴി (ഉപ്പള) കായിക മൈതാനം വികസിപ്പിക്കുന്നതു സംബന്ധിച്ച് എടുത്ത നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മൈതാനം നവീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കോട്ടുക്കലിൽ വനിതാ സ്പോർട്സ് അക്കാഡമി നിർമ്മാണം</u>

2094 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിലെ കോട്ടുക്കലിൽ വനിതാ സ്പോർട്സ് അക്കാഡമിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കബഡി പരിപോഷിപ്പിക്കുന്നതിന് സിന്തറ്റിക് മാറ്റുകൾ</u>

2095 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഇനമായ കബഡി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സിന്തറ്റിക് മാറ്റുകൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സിന്തറ്റിക് മാറ്റുകൾ നൽകുന്നതിന് ഏതെങ്കിലും വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## പെൺകുട്ടികളുടെ ഫുട്ബോൾ

2096 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക മത്സരങ്ങളിൽ ഒരിനമായി പെൺകുട്ടികളുടെ ഫുട്ബോൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി പുറപ്പെടുവിച്ച ഉത്തരവ് ഇതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആയത് ഈ അക്കാദമിക് വർഷം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കായികതാരങ്ങൾക്ക് തൊഴിൽ</u>

2097

## ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) തൊഴിൽ നൽകിയ കായികതാരങ്ങളുടെ പേരും നിയമനം നൽകിയ വകുപ്പും വിശദമാക്കാമോ;

(സി) കായികതാരങ്ങളുടെ നിയമനത്തിനായി അപേക്ഷിച്ചവരുടെയും നിയമനം നൽകിയവരുടെയും കായികയിനത്തിലെ മികവും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

വോളിബോൾ ടീം അംഗങ്ങൾക്ക് പാരിതോഷികം

2098 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സീനിയർ വിഭാഗം വോളിബോൾ മത്സരത്തിൽ കിരീടം നേടിയ കേരള ടീം അംഗങ്ങൾക്ക് എന്തെങ്കിലും പാരിതോഷികം നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയതലത്തിൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് നിരന്തരമായി അവഗണന മാത്രമാണ് സ്പോർട്സ് വകുപ്പിൽ നിന്ന് ലഭിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വിശ്വരൂപം സിനിമയുടെ പ്രദർശനം</u>

2099 ശ്രീ. എം.എ. ബേബി
,, പുരുഷൻ കടലുണ്ടി
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വിശ്വരൂപം' എന്ന കമൽഹാസന്റെ സിനിമ പ്രദർശിപ്പിക്കുന്നത് സംസ്ഥാനത്ത് ഒരു വിഭാഗം തീവ്രവാദസംഘടനകളും തിയേറ്റർ ഉടമകളും ചേർന്ന് തടഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാംസ്കാരിക ഭീകരതസൃഷ്ടിക്കുന്ന ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും സിനിമ പ്രദർശിപ്പിക്കാൻ തീയേറ്ററുകൾക്ക് സംരക്ഷണം നൽകുവാനും നടപടി സ്വീകരിക്കുമോ;

(സി) സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായ സിനിമ തടസ്സമില്ലാതെ പ്രദർശനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

വിശ്വരൂപം സിനിമ സുഗമമായി പ്രദർശിപ്പിക്കാൻ നടപടി

2100 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമലഹാസന്റെ 'വിശ്വരൂപം' സിനിമ പ്രദർശിപ്പിക്കുന്നതിന് കേരളത്തിൽ എവിടെയെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സിനിമാപ്രദർശനം സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ചലച്ചിത്രമേള</u>

2101 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ചലച്ചിത്രമേളയുടെ സംഘാടനത്തിൽ ഗുരുതരമായ പിഴവുകൾ വന്നതായിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവാരമുള്ള ചിത്രങ്ങൾ മേളയിൽ കുറവായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇതിലേയ്ക്കാവശ്യമായ ഫണ്ട് പൂർണ്ണമായും സംസ്ഥാന സർക്കാർ തന്നെയാണോ വഹിക്കുന്നത്; ഫണ്ടിന്റെ വിശദാംശം നൽകുമോ;

(ഡി) ഇതിനായി സർക്കാർ എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന് ചെലവായ തുക</u>

2102 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് 2012 ഡിസംബറിൽ നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുവേണ്ടി സർക്കാർ ആകെ ചെലവഴിച്ച തുക എത്ര;

(ബി) പരസ്യത്തിനു ചെലവഴിച്ച തുക എത്ര;

(സി) ടിക്കറ്റ് ഇനത്തിലും ഇതര ഇനങ്ങളിലും കൂടി സർക്കാരിന് ലഭിച്ച വരുമാനം എത്ര ?